**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് കൊഴിഞ്ഞു പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | ഇപ്രകാരം കൊഴിഞ്ഞുപോകുന്ന കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവരുടെ തുടർ വിദ്യാഭ്യാസത്തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | **സ്കൂൾ പഠനം ഉപേക്ഷിച്ച് കുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് കൊണ്ടു വരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നത് ലക്ഷ്യം വെച്ച് സ്കൂളുകളിൽ നിന്നും ഉന്നതികളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി സാമൂഹ്യപഠനമുറി പദ്ധതിയും വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്.**<br><br>**കൊഴിഞ്ഞ് പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിയ്ക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു. പട്ടികവർഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നത് ലക്ഷ്യം വെച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നു.** |

സംസ്ഥാനത്ത് 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ച് വരുന്നു. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നിവ പരിഹരിക്കുന്നതിന് സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നു.

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിനായി ഓരോ അദ്ധ്യയനവർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് (LP വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും, U.P വിഭാഗം വിദ്യാർത്ഥികൾക്ക് 900/- രൂപയും H.S വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), സ്റ്റൈപെന്റ് 2000/- രൂപയും, ഇതിനുപുറമേ പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അധിക ധനസഹായമായി പ്രതിമാസ സ്റ്റൈപെന്റ് 200/- രൂപയും, നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 500/- രൂപ നിരക്കിൽ ലംപ്സംഗ്രാന്റും അനുവദിച്ച് വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/-രൂപ ബുക്ക് ഉടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും, ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും, 1000/-രൂപയും നൽകുന്നു.

അക്കാഡമിക് കലാകായിക മൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി എസ്.എസ്.എൽ.സി, പ്ലസ് ടു കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3000/- രൂപയും, ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള തുടർ പഠനത്തിനായുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും, പഠനത്തോട് കൂടുതൽ താൽപര്യം ഉണ്ടാക്കുന്നതിനും വിദ്യാർത്ഥികളുടെ കല, കായികപരമായ കഴിവുകളും പരിപോഷിപ്പിക്കുന്നതിനുമായി വകുപ്പ് 110 പ്രീമെട്രിക് ഹോസ്റ്റലുകളും റെസിഡൻഷ്യൽ സൗകര്യത്തോടുകൂടി 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പട്ടികവർഗ വികസന വകുപ്പിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക് സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആക്കുക വഴി പൊതുസമൂഹത്തെ പോലെ തന്നെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ പട്ടികവർഗ വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളിൽ ഉറപ്പാക്കുന്നതിനും, സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോടുകൂടി ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ആയത് പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനും പ്രഭാത ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്തുനിന്നും സ്കൂളിൽ പോയിവരാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച "ഗോത്രസാരഥി" പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രവാഹിനി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി "വിദ്യാവാഹിനി" എന്ന് പുനഃനാമകരണം ചെയ്ത് നടപ്പിലാക്കി വരുന്നു. 2017-18 വർഷത്തിൽ ആവിഷ്കരിച്ച സാമൂഹ്യപഠനമുറി എന്ന പദ്ധതിയിലൂടെ കൊഴിഞ്ഞുപോക്ക് തടയാനായി പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഉടനീളം 364 സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ആദിവാസി വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | **നിലവിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പും, പ്ലാനിംഗ് ബോർഡും ചേർന്ന് ആക്ഷൻപ്ലാൻ തയ്യാറാക്കി കർമ്മപദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ തലങ്ങളിൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വീടിനോടു ചേർന്ന് സ്മാർട് പഠനമുറി നിർമ്മിക്കുന്നതിന് മാർഗ്ഗരേഖ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പ് 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും 120 ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഇവിടുത്തെ വിദ്യാർത്ഥികളെ ഓരോ ഘട്ടത്തിലും അവലോകനം നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി റെമഡിയൽ ക്ലാസുകൾ ഉൾപ്പെടെ നൽകി വരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഗണിത പഠനം, ശാസ്ത്ര പഠനം ഇവയിൽ അടിസ്ഥാനം നൽകുന്നതിനായി K DISC മായി സഹകരിച്ച മഞ്ചാടി, മഴവിൽ പദ്ധതികൾ നടത്തി വരുന്നു. കൂടാതെ 2025 ലെ വേനൽ അവധി കാലയളവിൽ വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുക, പഠന നിലവാരം അവലോകനം ചെയ്യുക, കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുക എന്നീ ഉദ്ദേശത്തോടെ പട്ടിക വർഗ്ഗ ഉന്നതികളോട് ചേർന്ന് പ്രവർത്തിക്കുന്ന സാമൂഹ്യ പഠനമുറികളിൽ പഠനോത്സവം എന്ന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ